## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3574** — **23.06.2014-ൽ മറുപടിയ്ക്ക്**

### ശ്രീ. മൊയ്തീൻ കുഞ്ഞിക്ക് കാസർഗോഡ് നിയമനം നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.ബി.അബ്ദുൾ റസാക്** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | |
| (എ) | ഭാഷാ ന്യൂനപക്ഷ വിഭാഗത്തിലെ ജീവനക്കാർക്ക് അവരുടെ താലൂക്കുകളിൽ തന്നെ നിയമനം നൽകണമെന്നുൾപ്പെടെയുള്ള G.O.(MS) No.758/Edn. H.Dept. dt 28/12/1961 എന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | 26.12.1961-ലെ No.758/Edn.H.Dept. സർക്കാർ ഉത്തരവു പ്രകാരം ഭാഷാ ന്യൂനപക്ഷ പ്രദേശത്ത് ന്യൂനപക്ഷ ഭാഷയിൽ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർക്ക് ഭരണപരമായ സൗകര്യം കണക്കാക്കി പരമാവധി പ്രായോഗികമായി നിയമിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ബി) | കന്നട ഭാഷാ ന്യൂനപക്ഷക്കാരനായ വനംവകുപ്പ് ജീവനക്കാരൻ പി.മൊയ്തീൻ കുഞ്ഞിയെ തിരുവനന്തപുരത്ത് ഐ.എച്ച്.ആർ.ഡി, എ.ഡി.സി.സി.എഫ്. ഓഫീസിലേയ്ക്ക് നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | G.O(Ms).No.758/Edn.H. Dept. ഉത്തരവ് പ്രകാരം ശ്രീ. മൊയ്തീൻ കുഞ്ഞിക്ക് കാസർഗോഡ് നിയമനം നൽകണമെന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷ പരിഗണിക്കാൻ കഴിയാത്തതിന്റെ വിശദാംശം വ്യക്തമാക്കുമോ ; | (ഡി) | വനംവകുപ്പിലെ ഹെഡ് അക്കൗണ്ടന്റായ കാസർഗോഡ് സ്വദേശി ശ്രീ. കെ. ശ്രീധരൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.-597/13 നമ്പർ കേസ്സിൽ 06.06.2013 -ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12.02.2014-ലെ സർക്കാർ ഉത്തരവ്(സാധാ)നം.62/14/F&WLD പ്രകാരം ഭാഷാ ന്യൂനപക്ഷ പ്രദേശമായ കാസർഗോഡ് ഫോറസ്റ്റ് ഡിവിഷനിൽ, കാസർഗോഡ് സ്വദേശിയും ശ്രീ.പി. മൊയ്തീൻ കുഞ്ഞിയുടെ സീനിയറുമായ ശ്രീ. കെ.ശ്രീധരന് ഹെഡ് അക്കൗണ്ടന്റായി നിയമനം നൽകി. ആയതിനാലാണ് 12.02.2014-ലെ ഉത്തരവ് പ്രകാരം കാസർഗോഡ് ഫോറസ്റ്റ് ഡിവിഷനിൽ നിയമിച്ച ശ്രീ.കെ.ശ്രീധരനെ മാറ്റി, ടിയാന്റെ ജൂനിയറായ ശ്രീ.പി.മൊയ്തീൻ കുഞ്ഞിക്ക് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ കാസർഗോഡ് ജില്ലയിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമിക്കുവാൻ കഴിയാത്തത്. |
| (ഇ) | ശ്രീ. മൊയ്തീൻ കുഞ്ഞിക്ക് കാസർഗോഡ് നിയമനം നൽകുന്നത് പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഒഴിവുണ്ടാകുന്ന മുറയ്ക്ക് ശ്രീ.മൊയ്തീൻ കുഞ്ഞിക്ക് കാസർഗോഡ് ജില്ലയിൽ നിയമനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ